(ഡി) നടത്താറുണ്ട്.

(ഇ) പരിശോധിക്കാറുണ്ട്.

(എഫ്) ഉണ്ട്. വിൽപ്പന നികുതി വകുപ്പിൽ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ വകുപ്പിന്റെ സഹായത്തോടെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാറുണ്ട്. കട പരിശോധന നടത്തുന്നതിനും ചെക്ക്പോസ്റ്റുകളിൽ നികുതി വെട്ടിപ്പ് ഉണ്ടാകുമ്പോഴും പോലീസിന്റെ സഹായവും സ്വീകരിക്കാറുണ്ട്. വിൽപ്പന നികുതി ഉദ്യോഗസ്ഥർ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നികുതി നിയമത്തിന്റെ പരിധിയിൽനിന്ന് എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്.

വിൽപ്പന നികുതി കേസ്സുകൾ കാലതാമസം കൂടാതെ തീർക്കുന്നതിന് അപ്പലേറ്റ് ട്രൈബ്യൂണലുകൾ ആരംഭിക്കുവാൻ നടപടികൾ

11 [5465] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപ്പലേറ്റ് ട്രൈബ്യൂണലുകളിൽ കേസ്സുകൾ തീർപ്പാക്കുന്നതിലെ കാലതാമസം മൂലം സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുന്നതായി കരുതുന്നുണ്ടോ;

(ബി) നിലവിൽ ഒരു ലക്ഷത്തിന് മുകളിൽ സർക്കാരിന് ലഭിക്കേണ്ട എത്ര കേസ്സുകളാണ് അപ്പലേറ്റ് ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) വിൽപ്പന നികുതി കേസ്സുകൾ കാലതാമസം കൂടാതെ തീർക്കുന്നതിന് കൂടുതൽ അപ്പലേറ്റ് ട്രൈബ്യൂണലുകൾ ആരംഭിക്കുവാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അപ്പലേറ്റ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കാനുണ്ടായിരുന്ന കേസ്സുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കാൻ സാധിച്ചതുകൊണ്ട് കേസ്സുകൾ തീർപ്പാക്കുന്നതിൽ ഇപ്പോൾ കാലതാമസം ഉണ്ടാകാറില്ല. അതിനാൽ സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകുന്നതായി കരുതുന്നില്ല.

(ബി) തർക്കവിഷയമായ നികുതി സംഖ്യ ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന 1,391 കേസ്സുകളാണ് നിലവിൽ തീർപ്പാക്കാൻ ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ളത്.

(സി) ഫയൽ ചെയ്യപ്പെടുന്ന അപ്പീലുകളുടെ എണ്ണത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി കാര്യമായ വർദ്ധനവ് ഉണ്ടാകാത്ത സാഹചര്യത്തിലും തീർപ്പാക്കാൻ ബാക്കിയുണ്ടായിരുന്ന അപ്പീലുകളുടെ എണ്ണം ഗണ്യമായി കുറച്ചുകൊണ്ടുവരാൻ സാധിച്ചതിനാലും പുതുതായി ട്രൈബ്യൂണലുകൾ ആരംഭിക്കേണ്ട ആവശ്യമില്ല.

അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന കോഴിക്ക് ഏർപ്പെടുത്തിയിട്ടുള്ള പ്രവേശന നികുതി

12 [5466] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly